**സോ*f*ഹം നൃപേന്ദ്ര രഹിത: പുരുഷോത്തമേന
സഖ്യാ പ്രിയേണ സുഹൃദാ ഹൃദയേന ശൂന്യ:
അധ്വന്യുരുക്രമപരിഗ്രഹമംഗ! രക്ഷൻ
ഗോപൈരസദ്ഭിരബലേവ വിനിർജ്ജിതോ*f*സ്മി. (1-15-20)**

സൂതൻ തുടർന്നു:
അർജുനൻ ഗദ്ഗദകണ്ഠനായി യുധിഷ്ഠിരനോട് പറഞ്ഞു. "ജ്യേഷ്ഠാ, ഭഗവാന്റെ മായാവലയിൽ ഞാനും പെട്ടുപോയി. നമ്മുടെ കൃഷ്ണൻ ഭഗവാൻതന്നെയാണ്. അദ്ദേഹമാണ് എന്നേയും ഭീമനേയും ദേവതകൾ പോലും വാഴ്ത്തുന്ന ധീരകൃത്യങ്ങൾ ചെയ്യാൻ ഇടയാക്കിച്ചത്. പലേ വീഴ്ചകളിൽനിന്നും അദ്ദേഹം നമ്മെ കരകയറ്റി. ശിവനോടും ഇന്ദ്രനോടും പടവെട്ടിയതും ഇന്ദ്രന്റെ കൊട്ടാരത്തിലെനിക്കു കുറച്ചുകാലം കഴിയാനിടവന്നതും അവിടത്തെ കൃപകൊണ്ടുമാത്രം. എന്നെ പ്രത്യേകിച്ചും പലേരീതികളിൽ ഭഗവാൻ സംരക്ഷിച്ചിരിക്കുന്നു. രഥത്തിനു മുന്നിലിരുന്ന് എതിരാളികളുടെ ശക്തിയും ഹൃദയവും കവർന്ന് പിന്നിലിരുന്ന എനിക്ക് എല്ലാ സംരക്ഷണവും നൽകിയത് അവിടുന്നല്ലേ? എന്റെ വിഡ്ഢിത്തം നോക്കൂ. ഋഷിമുനിമാർ പാദവന്ദനം നടത്തുന്ന ആ ഭഗവാനെ ഞാൻ തേരാളിയാക്കി!. അദ്ദേഹമെന്നെ സുഹൃത്തായി കണക്കാക്കി. ഞാൻതിരിച്ചും. വല്ലാത്ത സ്വാതന്ത്ര്യവും ഞാൻ അദ്ദേഹത്തോടുകാട്ടിയിട്ടുണ്ട്. അമിതമായ ആ ദയാവായ്പിൽ അതെല്ലാം അദ്ദേഹം പൊറുത്തിട്ടുമുണ്ട്.

ഇപ്പോൾ എന്റെപ്രിയമിത്രം, പരമാത്മസ്വരൂപൻ, എല്ലാമെനിക്കുനഷ്ടമായിരിക്കുന്നു. എന്റെ ഹൃദയവും ജീവനുമെല്ലാം!. ദുഷ്ടരും അബലരുമായ കന്നുകാലിപ്പിള്ളേരിൽനിന്നു പോലും എനിക്കു പരാജയം സംഭവിച്ചിരിക്കുന്നു. ഭഗവാന്റെ ഭാര്യമാരെ ആദുഷ്ടരിൽനിന്നും രക്ഷിക്കാനെനിക്കുകഴിഞ്ഞില്ല. അദ്ദേഹമുള്ള പ്പോൾ യാതൊന്നും അസാദ്ധ്യമല്ല. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ഒന്നും സാദ്ധ്യവുമല്ലതന്നെ!.

മഹാരാജാവേ, ദ്വാരകയിലെ ബന്ധുമിത്രാദികളെപ്പറ്റി ചോദിച്ചുവല്ലോ?. ശക്തരായ യാദവരെക്കൊണ്ട് ദുഷ്ടരെ അദ്ദേഹം വകവരുത്തിച്ചു. പിന്നീട് ഉൾപ്പോരുകൊണ്ട് യാദവർതമ്മിൽ കലഹമായി. മുള്ളുകൊണ്ടുമുള്ളെടുക്കുംപോലെ അദ്ദേഹം കൃത്യനിർവ്വഹണം നടത്തി. ആ മുള്ളു പോലും വലിച്ചെറിയുമ്പോലെ യാദവകുലത്തെ ഇല്ലാതെയുമാക്കി. ഇങ്ങിനെ അത്യന്തം അദ്ഭുതപരമാണ് ഭഗവാന്റെ പ്രവൃത്തികൾ. ചിലപ്പോൾ പ്രേമപരിരക്ഷക്കും മറ്റുചിലപ്പോൾ സംഹാരത്തിനും ഭഗവാൻ കൂട്ടുനിൽക്കുന്നതായി തോന്നിപ്പോകുന്നു." അർജുനന് പണ്ടു ഭഗവാനുപദേശിച്ച ഭഗവത്ഗീത ഓർമ്മ വരികയും അദ്ദേഹം ശോകംവിട്ട് സമചിത്തനാവുകയും ചെയ്തു. ഈ വൃത്താന്തമെല്ലാം കേട്ട് കലികാലാരംഭമായി എന്ന ബോധമുണ്ടായ യുധിഷ്ഠിരൻ ചെറുമകനായ പരീക്ഷിത്തിനെ രാജാവായിവാഴിച്ച് ലോകവ്യാപാരമുപേക്ഷിച്ചു. പ്രകൃതിയിലേയ്ക്ക് ഓരോ ഇന്ദ്രിയങ്ങളെയും തിരിച്ചേൽപ്പിക്കുന്ന ലയയോഗശാസ്ത്രപ്രകാരം അദ്ദേഹം പരമാത്മാവിൽ വിലയിച്ചു. ഉത്തരദിക്കിലേക്ക് ബധിരമൂകനെപ്പോലെനടന്ന അദ്ദേഹത്തെ സഹോദരന്മാരും ദ്രൌപദിയും പിന്തുടർന്നു. വിദുരൻ ദ്വാരകക്കടുത്തുവെച്ച് ശരീരമുപേക്ഷിച്ചു. ഭഗവാനിൽതന്നെ മനസ്സുറപ്പിച്ച് ദ്രൌപദിയും പരമപദം പ്രാപിച്ചു.

മുനിവര്യരേ, ഇങ്ങിനെയാണ് പാണ്ഡവർ സ്വർഗ്ഗം പൂകിയത്. ഇത് കേൾക്കുന്നവർക്കുപോലും മോക്ഷ പ്രാപ്തിയുണ്ടാവുന്നതാണ്.